ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ഏത് ഉപഗ്രഹം വഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്, എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : എഡ്യൂസാറ്റ് വഴിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യോമയാന സർവ്വീസ്

*4. [128] ശ്രീ. പി. ടി. തോമസ് :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന് സ്വന്തമായി ഒരു വ്യോമയാന സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുവോ ; വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർക്കാർ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് വിമാന കമ്പനി തുടങ്ങുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി ഒരു വിശദമായ പ്രാവർത്തികതാപഠനം നടത്തിപ്പിക്കുന്നതിനും പ്രസ്തുത പഠനം ആരെ ഏൽപ്പിക്കണമെന്ന് തീരുമാനിക്കുന്നതിനും കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിൻ പ്രകാരം മെസ്സേഴ്സ് ഏണസ്റ്റ് ആന്റ് യംഗ് എന്ന സ്ഥാപനത്തെ പ്രാവർത്തികതാപഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ അവസാനത്തോടെ അവർ പ്രാവർത്തികതാപഠന റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമം

*5. [129] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദ്യാഭ്യാസ വായ്പ ഉറപ്പാക്കുവാൻ ഗവൺമെന്റ് ജില്ലാ സമിതികളെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഈ സമിതികളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഇപ്പോഴും പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ആൾ ജാമ്യവും വസ്തു ജാമ്യവും ആവശ്യപ്പെടുകയും അതു നൽകാത്തപക്ഷം വിദ്യാഭ്യാസ വായ്പ കൊടുക്കാതിരിക്കുകയും ചെയ്യുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ബാങ്കുകാരുടെ ഇത്തരം നടപടി അവസാനപ്പിക്കുകയും ബാങ്കിനെ സമീപിക്കുന്നവർക്കെല്ലാം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്. 10-8-2004-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്) നമ്പർ 97/2004/ഉ.വി.വ. പ്രകാരം വിദ്യാഭ്യാസ വായ്പ ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർ, ലീഡ് ബാങ്ക് മാനേജർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഒരു പ്രതിനിധി എന്നിവരടങ്ങുന്ന ഒരു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഓരോ ജില്ലയിലും രൂപീകരിച്ചു. ഇതു കൂടാതെ ഇതിനായി പ്രിൻസിപ്പൽ സെക്രട്ടറി (ഉന്നത വിദ്യാഭ്യാസം) സെക്രട്ടറി (പ്ലാനിംഗ്), ജനറൽ മാനേജർ കനറാബാങ്ക് കൺവീനറായും ഉള്ള ഒരു സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും പ്രസ്തുത ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇക്കാര്യം ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

(ഡി) ഉണ്ട്. വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിൽ ചില ബാങ്ക് ബ്രാഞ്ചുകൾ സൗഹാർദ്ദപരമല്ലാത്ത നിലപാട് സ്വീകരിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) പൊതുജനങ്ങളിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് നിർദ്ദേശം അനുസരിച്ച് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതി ഈ വിഷയം ചർച്ച ചെയ്ത ശേഷം കോളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടാതെ നാലു ലക്ഷം രൂപ വരെ വിദ്യാർത്ഥികൾക്ക് വായ്പ അനുവദിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം എല്ലാ ബാങ്കുകളും കർശനമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു. അതിൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ബാങ്കു മേധാവികൾക്കും ബാങ്കേഴ്സ് സമിതി കൺവീനർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനാണ് സർക്കാർ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാനതല റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly